പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **235**

10.06.2013 ൽ മറുപടിയ്ക്ക്

## നഗരൂർ തണ്ണിക്കോണത്തെ ദളിത് വീടുകൾ കത്തിച്ച കേസ്

| ചോദ്യം<br>ശ്രീ. ബി. സത്യൻ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) നഗരൂർ തണ്ണിക്കോണത്ത് ദളിത് കുടുംബങ്ങൾ താമസിച്ചിരുന്ന നാല് വീടുകൾ കത്തിച്ച സംഭവത്തിന്മേൽ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) രണ്ട് വീടുകളാണ് കത്തിച്ചത്. ഇതു സംബന്ധിച്ച് ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ ക്രൈം 548/13-ാം നമ്പരായി 21.05.2013-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിലേക്ക് കൃത്യസ്ഥല മഹസ്സർ തയ്യാറാക്കിയിട്ടുള്ളതും സംഭവ സ്ഥലത്തു നിന്നും തീ കത്തി നശിച്ചതിന്റെ അവശിഷ്ടങ്ങൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചിട്ടുള്ളതുമാണ്. ടി കേസിന്മേൽ ഊർജ്ജിത അന്വേഷണം നടന്നുവരുന്നു. |
| (ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് ; ഇവർക്കെതിരെ ഏതെല്ലാം കുറ്റമാണ് ചുമത്തിയിട്ടുള്ളത് ; | (ബി) ടി കേസിലെ പ്രതികളെപ്പറ്റി അന്വേഷണം നടത്തി വരുന്നതും, നാളിതുവരെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ലാത്തതുമാണ്. Sec. 436 IPC and Sec. 3(1)(V) and 3(2) (iii) SC/ST (POA) Act പ്രകാരമുള്ള കുറ്റങ്ങളാണ് ടി കേസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) പ്രസ്തുത ദളിത് കുടുംബങ്ങൾ താമസിച്ചിരുന്ന സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ